# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജീവനക്കാര്യം – ശ്രീമതി. അലുമോൾ ബേബി - ജയിലാസ്ഥാന കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : (1) കോട്ടയം ജില്ലാ പി.എസ്.സി.യിലെ 20.11.2023 തീയതിയിലെ K III(2)118413/19 നമ്പർ നിയമന ശിപാർശ.
(2) 07.12.2023ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.
(3) 20.12.2023 തീയതിയിൽ ശ്രീമതി. അലുമോൾ ബേബി സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നമ്പർ. E1-25185/2023/PrHQ; തീയതി : 26-12-2023**

പരാമർശം (1) പ്രകാരം കോട്ടയം ജില്ലാ പി.എസ്.സി. ഓഫീസിൽ നിന്നും ശ്രീമതി. അലുമോൾ ബേബിയെ ജയിലാസ്ഥാനകാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിയമിക്കുന്നതിനുള്ള ശുപാർശ കത്ത് ലഭിയ്ക്കുകയും, ജയിലാസ്ഥാനകാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പരാമർശം 2 പ്രകാരം ശ്രീമതി. അലുമോൾ ബേബിയ്ക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തിരുന്നു.

പരാമർശം (3) പ്രകാരം ശ്രീമതി. അലുമോൾ ബേബി 20.12.2023 തീയതി പൂർവ്വാഹ്നം ജോലിയിൽ പ്രവേശിക്കുന്നതിന് അസൽ പ്രമാണങ്ങളുമായി ഹാജരായിരിക്കുന്നു. പ്രസ്തുത രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാളെ 20.12.2023 പൂർവ്വാഹ്നം മുതൽ ജയിൽ ആസ്ഥാന കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ 27900-63700 ശമ്പള സ്കെയിലിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958 ലെ റൂൾ 3(c) 9(a), 10 (b) എന്നീ റൂളുകൾക്ക് വിധേയമായി ടി ഉദ്യോഗസ്ഥയുടെ നിയമനം തികച്ചും താൽക്കാലികമായിരിക്കും. ടിയാളുടെ പ്രൊബേഷൻ കാലയളവ് 20.12.2023 പൂർവ്വാഹ്നം മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷമാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: ശ്രീമതി. അല്ലുമോൾ ബേബി,
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2,
ജയിൽ ആസ്ഥാനകാര്യാലയം.

പകർപ്പ് : 1. ജില്ലാ ഓഫീസർ,
കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ഓഫീസ്, കോട്ടയം.

2. എല്ലാ ഓഫീസർമാർക്കും സെക്ഷൻ സൂപ്രണ്ടുമാർക്കും
എ.1 സീറ്റ്/എസ്.ബി.

E1-25185/2023/PrHQ

188748